LESSON 29

# Zachaeus In The Fig Tree.

**Bible Portion: Luke 19:1-10**

We will learn the story of a man who climbed upon a tree and hid himself to see Jesus.

Once Jesus was travelling through Jericho, with a large number of people. There was a rich man Zachaeus. He heard the teachings and miracles of Jesus and wanted to see Him. He was a tax collector for the Roman Government; since he collected tax, people disliked him. Since he was very keen in collecting tax to avoid loss of income for him, he had no time to waste. He was of a short figure and could not see Jesus from among the crowd. Because of his immense desire to see Jesus he climbed on a fig tree enroute Jesus and tried to hide him as he might have thought Jesus need not see me.

When Jesus and the people came under the tree, Jesus looked up and said "Zachaeus you come down. I'm to stay in your house tonight" this was quite unexpected. So he hurriedly, climbed down and happily received Jesus into his house. The crowd started murmuring that "Jesus was going to stay with a sinner".

Zachaeus just wanted to see Jesus only. He never thought Jesus will come to his home. He was overjoyed and before Jesus told him anything, he told Jesus "I'll give half of my wealth to the poor. I've collected extra tax from many. I'll repay that back by four times".



Zachaeus confessed his sins. Jesus said, "today salvation has come to this house. I've come to seek the lost and bring them to the fellowship of God". Thus, Zachaeus and his family were saved

പാഠം 29

# A¯n-a-c-¯nÂ k¡mbn

**പാഠഭാഗം: ലൂക്കൊസ് 19:1–10**

യേശുവിനെ കാണാൻവേണ്ടി ഒരാൾ മരത്തിൽ കയറി ഒളിച്ചിരുന്ന കഥയാണ് ഇന്നു നമ്മൾ പഠിക്കുന്നത്.

ഒരിക്കൽ യേശു പുരുഷാരവുമായി യെരിഹോ പട്ടണത്തിൽകൂടി സഞ്ചരിക്കുകയായിരുന്നു. സക്കായി എന്നു പേരുള്ള ധനവാനായ ഒരു മനുഷ്യൻ അവിടെ താമസിച്ചിരുന്നു. അയാൾ യേശു ചെയ്ത അത്ഭുതങ്ങളും ഉപദേശങ്ങളുമൊക്കെ കേട്ടിരുന്നതിനാൽ ഈ യേശു എങ്ങനെയുള്ളവൻ എന്നു കാണ്മാൻ ആഗ്രഹിച്ചു. റോമാ ഗവണ്മെന്റിനുവേണ്ടി കരം പിരിക്കുകയായിരുന്നു അയാളുടെ ജോലി. കരം പിരിക്കുന്നതിനാൽ ജനങ്ങൾക്ക് സക്കായിയെ ഇഷ്ടമായിരുന്നില്ല. തന്റെ വരുമാനം നഷ്ടമാകാതെ കൃത്യമായി ശ്രദ്ധിച്ച് കരം പിരിക്കുന്നതിനാൽ അയാൾക്ക് സമയം ഒട്ടും തന്നെ ഇല്ലായിരുന്നു. സക്കായിക്ക് ഉയരം കുറവായിരുന്നതുകൊണ്ട് വലിയ ജനക്കൂട്ടത്തിൽവച്ച് യേശുവിനെ കാണാൻ കഴിയുമായിരുന്നില്ല. തന്റെ ആഗ്രഹം വലിയതായതിനാൽ യേശു കടന്നുവരുന്ന വഴിയിൽ ഉള്ള ഒരു കാട്ടത്തിമേൽ കയറി. യേശുവിനെ എനിക്കു കാണണം എന്നാൽ യേശു എന്നെ കാണരുതെന്ന് സക്കായി ചിന്തിച്ചുകാണും.

യേശുവും കൂടെയുണ്ടായിരുന്നവരും ആ വഴിയായി വരികയായിരുന്നു. മരച്ചുവട്ടിൽ എത്തിയപ്പോൾ യേശു മേലോട്ടു നോക്കി: "സക്കായിയേ, വേഗം ഇറങ്ങിവാ. ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു. സക്കായി പ്രതീക്ഷിക്കാതിരുന്ന ഒരു വിളി. സക്കായി വളരെ പ്രയാസപ്പെട്ടു ഇറങ്ങിവന്നു. സക്കായി യേശുവിനെ വളരെ സന്തോഷത്തോടുകൂടി അവന്റെ വീട്ടിൽ സ്വീകരിച്ചു. ഇത് കണ്ടുകൊണ്ട് കൂടെ ഉണ്ടായിരുന്നവർ പിറുപിറുത്തു. "യേശു പാപിയായ ഒരു മനുഷ്യന്റെ കൂടെ താമസിക്കുവാൻ പോയിരിക്കുന്നു". ആളുകൾ വിമർശിക്കാൻ തുടങ്ങി.

സക്കായി യേശുവിനെ ഒന്നു കാണുവാൻ വെറുതെ ആഗ്രഹിച്ചതാണ്. എന്നാൽ യേശു സക്കായിയുടെ വീട്ടിൽ വരുമെന്ന് അവൻ വിചാരിച്ചില്ല. യേശു അവനോട് കാര്യങ്ങൾ ചോദിക്കുന്നതിനു മുമ്പേ എല്ലാ കാര്യങ്ങളും അവൻ യേശുവിനോട് തുറന്നു പറഞ്ഞു. എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നതാണ്. ഞാൻ പലരോടും കൂടുതലായി നികുതി വാങ്ങിയിട്ടുണ്ട്. അത് ഞാൻ നാലിരട്ടിയായി മടക്കിക്കൊടുത്തുകൊള്ളാം" സക്കായി പറഞ്ഞു.

സക്കായി തന്റെ തെറ്റുകളെ ഏറ്റുപറഞ്ഞു. പിതാവായ ദൈവം ഇന്നു നിങ്ങളെയും കുടുംബത്തെയും രക്ഷിച്ചിരിക്കുന്നു. അങ്ങനെ സക്കായിയും കുടുംബവും രക്ഷ പ്രാപിച്ചു. ഇങ്ങനെ നഷ്ടപ്പെട്ടുപോയ അനേകരെ ദൈവത്തിങ്കലേക്ക് കൂട്ടിച്ചേർക്കുവാനാണ് ഞാൻ വന്നിരിക്കുന്നത് എന്ന് യേശു പറഞ്ഞു.

## To Evaluate അവലോകനം

1. **Who climbed the tree to see Jesus?**
   **യേശുവിനെ കാണുവാൻ മരത്തിൽ കയറിയത് ആര്?**

   ..........................................................

2. **Why did he climb the tree?**
   **എന്തുകൊണ്ടാണ് സക്കായി മരത്തിൽ കയറിയത്?**

   ..........................................................

   ..........................................................

3. **What did Jesus say when he saw Zachaeus?**
   **യേശു സക്കായിയെ കണ്ടപ്പോൾ എന്തു പറഞ്ഞു?**

   ..........................................................

   ..........................................................

4. **What were his confessions?**
   **സക്കായിയുടെ ഏറ്റുപറച്ചിൽ എന്തായിരുന്നു?**

   ..........................................................

   ..........................................................



**How did Zachaeus climb down the tree?**
**സക്കായി മരത്തിൽനിന്ന് ഇറങ്ങിയത് എങ്ങനെ?**



## To Submit | അർപ്പിക്കാൻ

**The presence of Jesus and his gentle approach will make us understand that we are sinners. Receive and accept Jesus into your heart and home and start a new life. When you repent, God will give you His grace not to repeat the sins.**

**യേശുവിന്റെ സാമിപ്യവും ഹൃദ്യമായ ഇടപെടലും നമ്മിൽ പാപബോധം വരുത്തും. യേശുവിനെ ഹൃദയത്തിലും ഭവനത്തിലും സ്വീകരിച്ച് പുതുജീവിതം ആരംഭിക്കുക. മാനസാന്തരം വരുമ്പോൾ തെറ്റുകൾ ആവർത്തിക്കാതിരിക്കാനുള്ള കൃപ ദൈവം നൽകും.**

*Colour the picture and give a name* നിറംകൊടുത്ത് ചിത്രത്തിനു പേരിടുക



...............................................

**To Trust | ആശ്രയിക്കാൻ**

**John 1.12**
**But to all who did receive him, who believed in his name, he gave the right to become children of God,**

**യോഹന്നാൻ 1:12**
**അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.**